മിസ്റ്റർ കെ. ഐ. വേലായുധൻ: Illness ആണെന്ന് ഗവണ്മെണ്ടിനു് എങ്ങിനെ മനസ്സിലായി?

Mr S. Venkiteswaran (*Conservator of Forests*): Because it was reported that it was due to illness that they did not appear.

മിസ്റ്റർ കെ. ഐ. വേലായുധൻ: ആ കക്ഷികൾതന്നെ അങ്ങിനെ സുഖക്കേടാണെന്നു എഴുതി അയക്കുകയുണ്ടായിട്ടുണ്ടോ?

Mr. S. Venkiteswaran (*Conservator of Forest*): പല പ്രാവശ്യവും ഉണ്ടായിട്ടുണ്ടു്. They had applied for leave also. But according to rules they could not be granted leave.

മിസ്റ്റർ കെ. കെ. കണ്ണൻ: പറയർ, വേട്ടുവർ മുതലായവരുടെ അപേക്ഷകൾ കിട്ടിയാൽ കൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: അപേക്ഷ കിട്ടിയാൽ വേക്കൻസി ഉണ്ടെങ്കിൽ കൊടുക്കാം.

മിസ്റ്റർ. കെ. എ. രാഘവൻ: കാടന്മാർ അധഃകൃതരല്ലേ?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: അല്ല.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Sir, from the answer we find that while the Nairs got 18 posts, the Ezhuvas 11, the Romo Syrians 23 certain other communities, namely Pulays, Ambalavasi, Ezhuthassan, Kollan, Arayan, etc., got four, one, one, one and two respectively. Is it due to want of applicants from the latter communities?

Mr. S. Venkiteswaran (*Conservator of Forests*): Sir, the menial service in my department is peculiar. Most of them applied for service in the department in the hope that they might get a job in the office, or somewhere in our towns or villages. But invariably vacancies occur in outside places, in jungles, and these people are not willing to go and join there.

Mr. P. Kumaran Ezhuthassan (*Vadakkancheri*): That was not my point. My point, Sir, is it because the number of applicants in the case of communities who are sparsely represented do not exceed the number of appointments made by the Conservator that there is this disparity?

Mr S. Venkiteswaran (*Conservatr of Forests*): There were applicants. But those applicants when posted would not join duty.

FUEL DEPOT—PULLUR

283. മിസ്റ്റർ കെ. കെ. കണ്ണൻ: ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവു മറുപടി പറയാമോ.—

(എ) മുകുന്ദപുരം താലൂക്കിൽ പല്ലൂർ വില്ലേജിൽ ഒരു വിറകു ഡിപ്പോ അനുവദിക്കുന്നതിനു് അധികൃതസ്ഥാനങ്ങളിലേക്കു് ഫ്രീ വുഡും വർഷം വല്ല നിവേദനങ്ങളും ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഡിപ്പോ അനുവദിക്കുന്നതിനു് അപേക്ഷിച്ചിട്ടുള്ളതു് ആരാണു്;

(സി) ഡിപ്പോ അനുവദിക്കുകയുണ്ടായിട്ടുണ്ടോ;

(ഡി) ഡിപ്പോ അനുവദിച്ചിട്ടുണ്ടെങ്കിൽ ഡിപ്പോ നടത്തുന്നതിനുള്ള കൈപ്പിടി വെച്ചിട്ടുള്ളതു് ആരാണു്;

(ഇ) ഇപ്പോൾ ഡിപ്പോ നടത്തിത്തുടങ്ങിയൊ?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ:

(എ) ഉവ്വു്.

(ബി) സിക്രട്ടറി, ശാഖ നമ്പർ രണ്ടു് പല്ലൂർ, അഖില കൊച്ചി പുലയ മഹാസഭ.

(സി) ഉവ്വു്.

(ഡി) മിസ്റ്റർ ടി. ശങ്കരൻനായർ.

(ഇ) ഉവ്വു്.

മിസ്റ്റർ. കെ. കെ. കണ്ണൻ: അപേക്ഷിച്ചവർക്കല്ലേ കൊടുക്കേണ്ടിയിരുന്നതു്?

Mr. S. Venkiteswaran (*Conservator of Forests*): There was no application from the Pulaya Mahajana Saba Secretary. But a resolution was passed by the Pulaya Mahajana Sabha to the effect that a Fire Wood Depot was required in that place. And the matter was investigated and the Secretary of the Pulaya Mahajana Sabha was asked to put in a petition for the depot. He did not put in a petition. But at the same time Government thought that there was necessity for a Depot there. And therefore the man who applied was given that Depot.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ: ഒരു ഡിപ്പോ തുടങ്ങുവാൻ ഇനിയും അപേക്ഷയുണ്ടായാൽ കൊടുക്കുവാൻ ദയവുണ്ടാകുമോ?

Mr. S. Venkiteswaran *(Conservator of Forests)*: Yes, Sir. Certainly.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഡിപ്പോ തുടങ്ങുന്നതിനു വല്ല സംഖ്യയും കെട്ടിവെക്കണമോ?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: വേണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: എല്ലാവക്കും അതു ഒരുപോലെയാണോ, അതോ വല്ല വ്യത്യാസവുമുണ്ടോ?

മിസ്റ്റർ എ.സ്സ്. വെങ്കിടേശ്വരൻ: വ്യത്യാസമൊന്നുമില്ല.

AIDED SCHOOL TEACHERS AND PRIVATE ASSOCIATIONS

234. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർ പൊതുസംഘടനകളുടേയൊ സമുദായസംഘടനകളുടേയൊ അധ്യക്ഷനൊ സിക്രട്ടറിയോ മറ്റൊ ആയിരിക്കുന്നതു വിദ്യാഭ്യാസ ഡയറക്ടരുടെ അനുവാദത്തോടുകൂടിയാണോ;

(ബി) ഇങ്ങിനെ അവക്കു മറ്റു ജോലികൾ നോക്കുവാൻ നിയമപ്രകാരം തടസ്ഥം ഉണ്ടോ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ:

(എ) അല്ല.

(ബി) ഇല്ല. വിദ്യാഭ്യാസകോഡിലെ നിയമങ്ങൾ പ്രകാരം അദ്ധ്യാപകന്മാരുടെ ജോലികൾക്കു തടസ്ഥങ്ങൾ വരാതിരിക്കുന്ന കാലത്തോളം.

മിസ്റ്റർ കെ. എ. രാഘവൻ: മറ്റു ജോലികൾക്കുടി നോക്കുവാൻ അനുവാദം വേണമെന്നുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അനുവാദം വേണമെന്നില്ല.

മിസ്റ്റർ കെ. എ. രാഘവൻ: "അദ്ധ്യാപകന്മാരുടെ ജോലികൾക്കു തടസ്ഥങ്ങൾ വരാതിരിക്കുന്ന കാലത്തോളം" എന്നു പറഞ്ഞിട്ടുണ്ടു്. അതു് അവരുടെ ഉദ്യോഗം കഴിഞ്ഞിട്ടുള്ള കാലമാണോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഉദ്യോഗത്തിൽ ഇരിക്കുമ്പോൾതന്നെ അവരുടെ ശരിയായ ജോലിക്കു വിഘ്നം വരാത്ത വിധത്തിൽ.

മിസ്റ്റർ കെ. എ. രാഘവൻ: ജോലികൾക്കു് തടസ്ഥം വരും എന്നു് അറിയുന്നതു് ഏതുതരത്തിലാണു്?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അദ്ധ്യാപകന്മാർ അവരുടെ ജോലിക്കു വല്ല വിഘ്നവുമുണ്ടാക്കുന്നതായാൽ അതായതു സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരോ മാനേജർമാരോ മറ്റു വല്ലവരുമോ ഗവണ്മെണ്ടിലേക്കു റിപ്പോർട്ടുചെയ്യുമ്പോഴാണു് അറിയുന്നതു്.

മിസ്റ്റർ കെ. എ. രാഘവൻ: അദ്ധ്യാപകന്മാർ മറ്റു ജോലികളിൽ ഏർപ്പെടുമ്പോൾ അവരുടെ പ്രധാന ചുമതലയായ വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്ന സംഗതിയിൽ അവക്കു വിമുഖത, അല്ലെങ്കിൽ മടി വരുമെന്നു ഗവണ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: വരണമെന്നില്ല.

മിസ്റ്റർ പുളൂർ അച്യുതമേനോൻ: വന്നാലും വിരോധമില്ല അല്ലേ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: സ്വഭാവംപോലെയിരിക്കും.

VILLAGE COURT JUDGES

285. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയാമോ.—

(എ) വില്ലേജു കോടതികളിലേക്കു ജഡ്ജിമാരെ നോമിനേറ്റു ചെയ്യുന്നതു് ആരുടെ നിർദ്ദേശപ്രകാരമാണു്;

LIBRARY ARCHIVES Kerala Legislative Assembly